**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 995** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കടലാക്രമണം മൂലം മത്സ്യത്തൊഴിലാളികളുടെ വീടുകൾക്കും സ്വത്തിനും ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിൽ നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്;

**<u>മറുപടി:</u>** കടലാക്രമണം മൂലം മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് ഉണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ ഫിഷറീസ് വകുപ്പിൽ അപേക്ഷകൾ തീർപ്പാക്കാനില്ല. ഈ സർക്കാരിന്റെ കാലത്ത് വള്ളവും വലയും നഷ്ടപ്പെട്ടതായി ജില്ലകൾ റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു.

**(ബി)** മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും നിലവിൽ കുടിശ്ശികയുണ്ടോ; കുടിശ്ശികയുള്ള ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും നിലവിൽ ആകെ 526 ഗുണഭോക്താക്കൾക്കായി 20,803,239/- രൂപ അനുവദിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് വിതരണം ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രീമെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എല്ലാ ജില്ലയിലും കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്.

**(സി)** കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ടോ; പദ്ധതികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരളത്തിൽ കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനും കടൽസുരക്ഷ ഉറപ്പാക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പ്രധാനമായും മറൈൻ ആംബുലൻസ്, കടൽരക്ഷാ സ്ക്വാഡുകൾ, രക്ഷാബോട്ടുകൾ, കൺട്രോൾ റൂമുകൾ, സുരക്ഷാ ഉപകരണങ്ങളുടെ വിതരണം എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

<u>1. മറൈൻ ആംബുലൻസ് പദ്ധതി</u>

കേരളത്തിലെ തീരദേശങ്ങളിൽ മത്സ്യബന്ധനത്തിനിടെ ഉണ്ടാകുന്ന അപകടങ്ങൾ, ചുഴലിക്കാറ്റുകൾ, കടൽക്ഷോഭം, യന്ത്രത്തകരാറുകൾ, മറ്റ് അടിയന്തര സാഹചര്യങ്ങൾ എന്നിവയിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സമയബന്ധിതമായി രക്ഷപ്പെടുത്തുന്നതിനും ആവശ്യമായ പ്രാഥമിക ചികിത്സയും അടിയന്തര വൈദ്യസഹായവും ലഭ്യമാക്കുന്നതിനുമായി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ

എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് കൊണ്ട് മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ട്. കടലിലെ തിരച്ചിൽ, രക്ഷാപ്രവർത്തനം, ദുരന്തനിവാരണം എന്നിവ ഏകോപിപ്പിക്കുന്നതിനും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി കരയിലെത്തിക്കുന്നതിനും ഈ ആംബുലൻസുകൾ പ്രധാന പങ്കു വഹിക്കുന്നു.

2.കടൽരക്ഷാ സ്ക്വാഡ്

കടലിൽ അപകടത്തിലാകുന്നവരെ രക്ഷിക്കുന്നതിനും തുറമുഖങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കടൽസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കുന്നതിനായി 24 മണിക്കൂറും സജ്ജമായി നിന്ന് തിരച്ചിലും രക്ഷാപ്രവർത്തനങ്ങളും (Search and Rescue) നടത്തുകയാണ് സീ റസ്ക്യൂ സ്ക്വാഡിന്റെ (SRS) പ്രധാന ചുമതല. അടിയന്തര സാഹചര്യങ്ങളിൽ ഫിഷറീസ് വകുപ്പിന്റെ മറൈൻ ആംബുലൻസുകളിലും വാടകയ്ക്കെടുത്ത രക്ഷാ ബോട്ടുകളിലും സ്ക്വാഡ് അംഗങ്ങൾ നേരിട്ട് സേവനമനുഷ്ഠിക്കുകയും, ആവശ്യമെങ്കിൽ അവരുടെ സ്വന്തം വള്ളങ്ങളും സുരക്ഷാ ഉപകരണങ്ങളും രക്ഷാ ദൗത്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്യുന്നു. ഇതിനു പുറമേ, മത്സ്യബന്ധന യാനങ്ങൾ, ഹാർബറുകളിൽ പ്രവേശിക്കുന്നതും കടലിലേക്ക് പോകുന്നതുമായ വിവരങ്ങളും, അതിലെ തൊഴിലാളികളുടെ പൂർണ്ണ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുന്ന ഡാറ്റാ ശേഖരണ ചുമതലയും ഇവർ നിർവഹിക്കുന്നുണ്ട്. തീരദേശ ജില്ലകളിലെ പ്രധാന ഹാർബറുകളിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ജില്ലാ ഓഫീസർമാരുടെ നിർദ്ദേശാനുസരണം മറ്റ് ലാന്റിംഗ് കേന്ദ്രങ്ങളിലേക്ക് അടിയന്തര രക്ഷാ ദൗത്യങ്ങൾക്കായി വിന്യസിക്കപ്പെടുകയും ചെയ്യുന്നു.

3. രക്ഷാബോട്ടുകളും കടൽ പട്രോളിങ്ങും

തീരദേശ ജില്ലകളിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാനും കടലിലെ അടിയന്തര സാഹചര്യങ്ങളിൽ ഇടപെടാനും ട്രോളിംഗ് നിരോധന കാലയളവിൽ 20 വാടക ബോട്ടുകളും 3 എഫ്. ആർ.പി ക്രാഫ്റ്റുകളും സാധാരണ സമയങ്ങളിൽ 12 വാടക ബോട്ടുകളും 2 എഫ്. ആർ.പി ക്രാഫ്റ്റുകളുടെയും സംവിധാനം വകുപ്പ് ഒരുക്കിയിട്ടുണ്ട്.

4. മാസ്റ്റർ കൺട്രോൾ റൂമും പ്രാദേശിക കൺട്രോൾ റൂമുകളും

മത്സ്യബന്ധന ബോട്ടുകൾ അപകടത്തിൽപ്പെട്ടാൽ വിവരം സ്വീകരിച്ച് രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലേക്ക് എത്തിക്കുന്നതിനും ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും 9 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രാദേശിക കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നു.

5. കടൽ സുരക്ഷാ ഉപകരണങ്ങളുടെ വിതരണം

ലൈഫ് ജാക്കറ്റുകൾ, ലൈഫ് ബോയകൾ, GPS, നാവിക് സന്ദേശ ഉപകരണങ്ങൾ, സാറ്റലൈറ്റ് ഫോണുകൾ, ബോട്ട് ട്രാക്കിങ് സംവിധാനങ്ങൾ തുടങ്ങിയവയുടെ വിതരണവും സബ്സിഡിയോടെയുള്ള സുരക്ഷാ ഉപകരണ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

6.മത്സ്യത്തൊഴിലാളികൾക്ക് രക്ഷാപ്രവർത്തന പരിശീലനം

കടൽസുരക്ഷ, ബോട്ടുകളുടെ പ്രവർത്തനം, എൻജിൻ കൈകാര്യം ചെയ്യൽ, അടിയന്തര രക്ഷാപ്രവർത്തനം തുടങ്ങിയ മേഖലകളിൽ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി വരുന്നു.

നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ കടലിൽ മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുന്ന അടിയന്തര സാഹചര്യങ്ങളിൽ ഏകീകൃതവും ദ്രുതഗതിയിലുള്ളതും ഏകോപിതവുമായ പ്രവർത്തന സംവിധാനം ഉറപ്പാക്കുന്നതിനായി ഒരു Standard Operating Procedure (SOP) രൂപീകരിക്കുന്നതിനുള്ള നടപടികളും വകുപ്പ് മുഖേന സ്വീകരിച്ചിട്ടുണ്ട്.

**(ഡി)** തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനായി നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും അനുവദിച്ച തുക; നിലവിലെ പുരോഗതി; പൂർത്തീകരണ സമയപരിധി എന്നിവ വ്യക്തമാക്കുമോ?

**മറുപടി:** തീരപ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനായി നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) മുഖേന നടപ്പിലാക്കിയ/നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം 1

## ഈ സർക്കാരിന്റെ കാലത്ത് വള്ളവും വലയും നഷ്ടപ്പെട്ടതായി ജില്ലകൾ റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ജില്ല | വള്ളവും വലയും നഷ്ടപ്പെട്ടത് | | വള്ളം നഷ്ടപ്പെട്ടത് | | വല നഷ്ടപ്പെട്ടത് | |
|---|---|---|---|---|---|---|---|
| | | പൂർണ്ണമായി | ഭാഗികമായി | പൂർണ്ണമായി | ഭാഗികമായി | പൂർണ്ണമായി | ഭാഗികമായി |
| 1 | തിരുവനന്തപുരം | 17 | 1 | – | – | – | – |
| 2 | കൊല്ലം | 12 | 8 | – | – | 1 | – |
| 3 | ആലപ്പുഴ | 1 | – | 1 | – | 2 | – |
| 4 | എറണാകുളം | – | 1 | – | 1 | 2 | – |
| 5 | തൃശ്ശൂർ | – | – | – | – | 12 | – |
| 6 | മലപ്പുറം | 8 | – | – | – | – | – |
| 7 | കോഴിക്കോട് | 9 | – | – | – | – | – |
| 8 | കണ്ണൂർ | 1 | – | – | – | – | – |
| 9 | കാസർഗോഡ് | – | 1 | – | – | – | – |
| | **ആകെ** | **48** | **11** | **1** | **1** | **17** | |